No. CEE/5354/2018/PGM-2019/TA3

കേരള സർക്കാർ
പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം- 695 001.

# പത്രക്കുറിപ്പ്

## പി.ജി. മെഡിക്കൽ പ്രവേശനം-2019
## പ്രവേശനം അവസാനിപ്പിക്കുന്ന തീയതി ദീർഘിപ്പിച്ചു

2019-ലെ മെഡിക്കൽ പി.ജി. പ്രവേശനം അവസാനിപ്പിക്കുന്നതിനുള്ള അവസാന തീയതി 2019 മെയ് 31 ആയി ദീർഘിപ്പിച്ചുകൊണ്ട് കേന്ദ്ര ആരോഗ്യമന്ത്രാലയം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഈ സാഹചര്യത്തിൽ, സംസ്ഥാനത്തെ മെഡിക്കൽ പി.ജി. ഡിഗ്രി/ഡിപ്ലോമ കോഴ്സുകളിൽ സർക്കാർ/ സ്വാശ്രയ മെഡിക്കൽ കോളേജുകളിൽ ഒഴിവുള്ള സീറ്റുകളിൽ പ്രവേശനം നേടാൻ താത്പര്യമുള്ളതും, പ്രവേശന പരീക്ഷാ കമ്മീഷണർ പ്രസിദ്ധീകരിച്ചിട്ടുള്ള പരിഷ്കരിച്ച റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളതുമായ വിദ്യാർത്ഥികൾക്ക് പ്രസ്തുത കോളേജുകളുമായി ബന്ധപ്പെട്ട് പ്രവേശനം തേടാവുന്നതാണ്. പ്രവേശനത്തിന് യോഗ്യതയുള്ള വിദ്യാർത്ഥികളുടെ പട്ടിക മെഡിക്കൽ കോളേജുകൾക്ക് ഇതിനോടകം ലഭ്യമാക്കിയിട്ടുണ്ട്. ഒഴിവുള്ള സീറ്റുകളിൽ താത്പര്യമുള്ള വിദ്യാർത്ഥികൾ 2019 മെയ് 31-ാം തീയതി വൈകുന്നേരം 5 മണിയ്ക്കകം പ്രവേശനം നേടിയിരിക്കേണ്ടതാണ്.

തിരുവനന്തപുരം
30.05.2019

പ്രവേശന പരീക്ഷാ കമ്മീഷണർക്കു വേണ്ടി